# ULLAYAM
# ST. GEORGE CHURCH



**ദൈ**വതിരുനാമം മഹത്വപ്പെടട്ടെ! സ്വർഗ്ഗത്തിലും ഭൂമിയിലും അടങ്ങാത്തവനായ ദൈവത്തിന് പിതാക്കന്മാർ പണ്ടുമുതൽക്കേ ദൈവനിർദ്ദേശപ്രകാരം ആലയം പണിയുകയും അതിലുള്ള ആരാധന വഴിയായി ദൈവജനം ദൈവമഹത്വം ദർശിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആയത് ഇപ്പോഴും തുടരുന്നു. അതിനാൽ പിതാക്കന്മാരുടെ ദൈവമായ കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ!

ഏകദേശം 115 വർഷങ്ങൾക്ക് മുമ്പ് പുതുപ്പള്ളി, മീനടം, എറികാട്, തോട്ടയ്ക്കാട്, വാകത്താനം മുതലായ സ്ഥലങ്ങളിൽനിന്നും ചങ്ങനാശേരി താലൂക്കിൽ വാഴൂർ വില്ലേജിൽ ഉള്ളായം പ്രദേശത്ത് കുടിയേറി പാർത്ത പിതാക്കന്മാർ വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിച്ച് ആരാധന തുടങ്ങി. ആദിമകാലത്ത് മരത്തൂണിൽ ഓലയും പുല്ലും ഉപയോഗിച്ച് നിർമ്മിച്ചതായിരുന്നു ദേവാലയം. എന്നാൽ താമസിയാതെ ദേവാലയം അഗ്നിക്കിരയായതായി പൂർവ്വപിതാക്കന്മാരിൽ നിന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. പിന്നീട് പിതാക്കന്മാരുടെ ശ്രമഫലമായി കല്ലറയ്ക്കൽ പരേതനായ ശ്രീ. ജോസഫ് അവർകൾ (കൊച്ചൂട്ടി അപ്പച്ചൻ) താൻ കാലിത്തൊഴുത്തിനുവേണ്ടി പണിതീർത്ത തടി ഉരുപ്പടികൾ ദേവാലയ പുനരുദ്ധാരണത്തിനുവേണ്ടി ഉപയോഗിച്ച് ദേവാലയം നിർമ്മിച്ചു.

പിന്നീട്, ദേവാലയം നിർമ്മിച്ച സ്ഥലവും (50 സെന്റ്) ദേവാലയത്തിന്റെ പടിഞ്ഞാറുനിന്ന് മെയിൻ റോഡ് വരെയുള്ള പള്ളിറോഡും കല്ലറയ്ക്കൽ പരേതനായ ശ്രീ. ജോസഫ് അവർകൾ ദേവാലയത്തിന് ദാനമായി കൊടുത്തു. പരിമിതമായ സ്ഥലസൗകര്യത്തിൽ വളരെക്കാലം ദേവാലയശുശ്രൂഷ തുടരുകയും പിന്നീട് കാക്കനാട്ട് പരേതനായ ശ്രീ. ഏലിയാസിന്റെ (ആശാൻ) നേതൃത്വത്തിൽ അന്നത്തെ പള്ളി ഇടവകാംഗങ്ങളുടെ ശ്രമദാനത്തിലൂടെ പള്ളിയുടെ നാടകശാലയും മറ്റ് ചെറിയ സൗകര്യങ്ങളും നിർമ്മിച്ചു. അക്കാലത്തെ പള്ളി ഇടവകക്കാരായ കല്ലറയ്ക്കൽ, കാക്കനാട്ട്, പുളിമൂട്ടിൽ, തൊണ്ടൻകുളം, മാപ്പിളകുന്നേൽ കുടുംബക്കാർ ഈ നിർമ്മാണപ്രവർത്തനത്തിൽ സജീവമായി പങ്കുചേർന്നു.

ഇടവകയുടെ ആദ്യകാലങ്ങളിൽ കാനം പഴയമഠത്തിൽ കശീശയും, വെള്ളൂപ്പറമ്പിൽ കശീശയും, കല്ലറയ്ക്കൽ ഫിലിപ്പോസ് കത്തനാരും, മണർകാട് വടക്കെപ്പറമ്പിൽ മാത്യൂസ് കത്തനാർ തുടങ്ങിയ പല പിതാക്കന്മാരും ഈ ദേവാലയത്തിൽ വി. ബലിയും മറ്റ് ആത്മീയ കർമ്മങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. ഇവരോ

ട് ഈ ഇടവകയ്ക്കുള്ള കടപ്പാട് ഒരിക്കലും മറക്കാവതല്ല. തുടർന്ന് വികാരിയായി കരിത്തലയ്ക്കൽ ബഹു. ഗീവർഗീസ് കത്തനാർ ദീർഘകാലം ഈ ഇടവകയെ നയിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തോടും ഈ ഇടവകയ്ക്കുള്ള കടപ്പാട് തീർത്താൽ തീരാത്തതാണ്. കാരണം, 1989–ൽ പഴയപള്ളി പുതുക്കിപണിയുന്നതി നെക്കുറിച്ച് ആലോചിക്കുകയും അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ഈ സംരംഭം പൂർത്തീകരിക്കുവാൻ സഹായിച്ച എല്ലാ ഇടവകാംഗങ്ങൾക്കും, നാനാജാതി മതസ്ഥ രായ പ്രദേശവാസികളോടുമുള്ള നന്ദി ഇത്തരുണത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. പൂർത്തീകരിക്കപ്പെട്ട ദേവാലയത്തിന്റെ കൂദാശ, നി.വ.ദി.ശ്രീ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി) തിരുമേനിയുടെ മഹനീയ കാർമ്മികത്വത്തിൽ 1991–ൽ നടത്തുകയുണ്ടായി. തുടർന്ന് വികാരിമാരായി ആൻഡ്രൂസ് ചിരവത്തറ അച്ചൻ, കാലായിൽ കുര്യാക്കോസ് അച്ചൻ, വടക്കേടത്ത് മാത്യൂസ് അച്ചൻ, തേക്കാനത്ത് ഗീവർഗീസ് അച്ചൻ, ഇലപ്പനാൽ ജേക്കബ് നൈനാൻ അച്ചൻ, കടവുംഭാഗത്ത് കുര്യാക്കോസ് അച്ചൻ, കോട്ടപ്പറമ്പിൽ ജോർജ്ജ് ജേക്കബ് അച്ചൻ, കുറിച്ചി അട്ടച്ചിറ ജോസി അച്ചൻ മുതലായവർ ഈ ദേവാലയത്തിൽ വി. ബലിയും മറ്റ് ആത്മീയ കർമ്മങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ വികാരിയായി വേലിക്കകത്ത് യൂഹാ നോൻ അച്ചനും, സഹവികാരിയായി കുന്നേൽ ജോർജ്ജ് അച്ചനും സേവനമനുഷ്ഠിക്കുന്നു.

ഈ ഇടവകയിൽ ഇപ്പോൾ 40 കുടുംബങ്ങളാണുള്ളത്. ആത്മീയ സംഘടനകളായ സൺഡേസ്കൂൾ, പ്രാർത്ഥനായോഗം, മർത്തമറിയം സമാജം എന്നിവ വളരെ ഭംഗിയായി പ്രവർത്തിച്ചുവരുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ഭാരവാഹികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ഈ ദേവാലയത്തിന് ദൈവമാതാവിന്റെയും പരി. ഗീവർഗീസ് സഹദായുടെയും പരി. പരുമല തിരുമേ നിയുടെയും നാമത്തിൽ രണ്ട് കുരിശിൻതൊട്ടികളാണുള്ളത്. ഒന്ന് പള്ളിയുടെ പടിഞ്ഞാറു വശത്തും, മറ്റൊന്ന് ഉള്ളായം ജംഗ്ഷനടുത്ത് കുരിശുംമൂട്ടിൽ ശ്രീ. പാപ്പച്ചൻ ദാനമായി നൽകിയ സ്ഥലത്തും സ്ഥിതി ചെയ്യുന്നു.

കേവലം സാധാരണക്കാർ മാത്രമുള്ള ഇടവകക്കാരുടെ ചിരകാലാഭിലാഷം പൂർത്തീകരിച്ചുതന്ന കാരു ണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും, പരിശുദ്ധ ദൈവമാതാവിന്റെയും നമ്മുടെ കാവൽപിതാ വായ മാർത്തോമ്മാ ശ്ലീഹായുടെയും പരിശുദ്ധ ഗീവർഗീസ് സഹദായുടെയും പരിശുദ്ധ പരുമല തിരുമേനി യുടെയും മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടും നിറഞ്ഞ ആശംസകൾ ഇടവകയ്ക്കു വേണ്ടി രേഖപ്പെടു ത്തുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org